**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2357** **30-09-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോർ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം.വിജിൻ</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കല്ല്യാശ്ശേരി മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?</td><td>(എ)</td><td>റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>നിലവിൽ റേഷൻകടകൾ വഴി നല്കിവരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങൾ, IOCയുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000 രൂപ വരെ AEPS (Aadhar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിംഗ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.<br><br>കല്ല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ 5 കെ-സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട് വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.<br><br><u>അനുബന്ധം</u><br><br><table>
<tr><th>ക്രമ നമ്പർ</th><th>താലൂക്ക്</th><th>FPS നമ്പർ</th><th>പഞ്ചായത്ത്</th><th>സ്ഥലം</th></tr>
<tr><td>1</td><td>കണ്ണൂർ</td><td>2366239</td><td>മാട്ടൂൽ</td><td>മാട്ടൂൽ സൗത്ത്</td></tr>
<tr><td>2</td><td>പയ്യന്നൂർ</td><td>2383001</td><td>ഏഴോം</td><td>നരിക്കോട്</td></tr>
<tr><td>3</td><td>പയ്യന്നൂർ</td><td>2383029</td><td>കുഞ്ഞിമംഗലം</td><td>കണ്ടംകുളങ്ങര</td></tr>
<tr><td>4</td><td>പയ്യന്നൂർ</td><td>2383011</td><td>മാടായി</td><td>വാടിക്കൽ</td></tr>
<tr><td>5</td><td>പയ്യന്നൂർ</td><td>2383005</td><td>ഏഴോം</td><td>നെരുവമ്പ്രം</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ